വളരെ അടിയന്തിരം

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ജി1/8710/2017

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ,
തിരുവനന്തപുരം-33,
തീയ്തി : 08.06.2017.

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2017 എം.ഐ.എസ് പോർട്ടൽ മുഖേന അഡ്മിഷനായതും സപ്ലിമെന്ററി പരീക്ഷ എഴുതുന്നതുമായ ട്രെയിനികളുടെ വിവരങ്ങൾ ഐ.ടി.ഡി പോർട്ടലിൽ ലഭ്യമല്ലാത്തത് - വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്:-

*******

ആഗസ്റ്റ് 2014, 2015, 2016 കാലയളവുകളിൽ എം.ഐ.എസ് പോർട്ടൽ മുഖേന അഡ്മിഷനായതും മുൻവർഷത്തെ പരീക്ഷകൾ എഴുതി പരാജയപ്പെട്ടതുമായ ട്രെയിനികൾക്ക് ജൂലൈ 2017-ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് സപ്ലിമെന്ററിയായി എഴുതുന്നതിന് വേണ്ടി ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനായി ചില ട്രെയിനികളുടെ പേര് വിവരങ്ങൾ ഐ.ടി.ഡി പോർട്ടലിൽ ലഭ്യമല്ലായെന്ന് ചില സ്ഥാപനമേധാവികൾ അറിയിക്കുകയുണ്ടായി.

ഇത്തരത്തിൽ സപ്ലിമെന്ററി പരീക്ഷ എഴുതാൻ അപേക്ഷ സമർപ്പിച്ചതും എന്നാൽ ഐ.ടി.ഡി പോർട്ടലിൽ പേര് ലഭ്യമല്ലാത്തതുമായ ട്രെയിനികളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനായി ടി ട്രെയിനികൾ സപ്ലിമെന്ററിയായി ഏത് സെമസ്റ്റർ പരീക്ഷ എഴുതാനാണോ അപേക്ഷ സമർപ്പിച്ചത് പ്രസ്തുത പരീക്ഷ റഗുലർ ആയി എഴുതിയ മാർക്ക് ഷീറ്റ്/ഹാൾ ടിക്കറ്റ് എന്നിവയുടെ പകർപ്പും ട്രെയിനിയുടെ വിവരങ്ങളും deputydirectoroftrtaining@gmail.com എന്ന വിലാസത്തിൽ 09.06.2017-നകം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി.

സ്വീകർത്താവ്
സ്ഥാപനമേധാവികൾക്കും

പകർപ്പ് :- വകുപ്പ് വെബ്സൈറ്റിലേക്ക്

R/8/6/2017